LIBRARY ARCHIVES Kerala Legislative Assembly

റോഡുകളിലെ ഹംപുകളും കുഴികളും സൃഷ്ടിക്കുന്ന അപകടങ്ങൾ

271 (7242) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകളിലെ വിവിധങ്ങളായ ഹംപുകൾ തിരിച്ചറിയാൻ സാധിക്കാത്തതിനാലുണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം ഹംപുകൾ തിരിച്ചറിയുന്നതിന് ഹംപുകളുടെ മുകളിൽ വെള്ള നിറം പൂശുകയോ റിഫ്ളക്ടിംഗ് സ്റ്റിക്കറുകൾ പതിപ്പിക്കുകയോ ചെയ്യുകവഴി റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഹൈവേകൾ ഉൾപ്പെടെയുള്ള റോഡുകളിൽ രൂപപ്പെടുന്ന വലിയ കുഴികൾ ധാരാളം അപകടങ്ങൾ വരുത്തിവയ്ക്കുന്നതിനാൽ ഇത്തരം കുഴികൾ യഥാസമയം നികത്തി അപകടങ്ങൾ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതുതായി റോഡിന്റെ ഉപരിതലം പുതുക്കുമ്പോൾ ഒഴിവാക്കാനാകാത്ത സ്ഥലങ്ങളിൽ ഹമ്പുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അവയ്ക്ക് ശാസ്ത്രീയമായ മാർക്കിംഗ് നൽകുവാനുള്ള കാര്യങ്ങൾകൂടി ഉൾപ്പെടുത്തിയാണ് പ്രവൃത്തികൾ ഇപ്പോൾ നടത്തുന്നത്.

(സി) കുഴികൾ യഥാസമയം നികത്തി അതുമൂലമുണ്ടാകുന്ന അപകടങ്ങൾ ലഘൂകരിക്കാൻ നടപടി എടുത്തിട്ടുണ്ട്.

നഗരങ്ങളിൽ ബഹുനില പാർക്കിംഗ് സംവിധാനം

272 (7243) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ വാഹനങ്ങൾക്ക് ബഹുനില പാർക്കിംഗ് സംവിധാനം നിർമ്മിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) നഗരങ്ങളിൽ വാഹനങ്ങൾക്ക് ബഹുനില പാർക്കിംഗ് സംവിധാനം നിർമ്മിക്കുവാനുള്ള പദ്ധതി രൂപീകരണം പ്രാരംഭഘട്ടത്തിലാണ്. ഒരു കമ്മിറ്റി രൂപീകരിച്ച് പദ്ധതിയുടെ സാധ്യതാപഠനം നടത്തിവരുന്നു.

സൈൻബോർഡുകളെ സംരക്ഷിക്കാൻ നടപടി

273 (7244) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൈൻ ബോർഡിനെ മറച്ചും ബോർഡിന്മേലും വിവിധ പരസ്യങ്ങൾ പതിക്കുന്നതിനാൽ സൈൻ ബോർഡുകൾ കാണാതെ വാഹന യാത്രക്കാർ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ആർക്കെങ്കിലും എതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇത്തരം ബോർഡുകൾ യാത്രക്കാർ കാണുന്ന വിധത്തിൽ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശിക്ഷണ നടപടികൾ എടുത്തിട്ടില്ല. സൈൻബോർഡിനെ മറച്ചും, ബോർഡിന്മേലും വിവിധ പരസ്യങ്ങൾ പതിക്കുന്നത് അപ്പപ്പോൾത്തന്നെ നീക്കം ചെയ്യുന്നുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

ലോകബാങ്ക് സഹായത്തോടുകൂടി നടപ്പാക്കിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ

274 (7245) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് സഹായത്തോടുകൂടി സംസ്ഥാനത്ത് നടപ്പാക്കിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) ഓരോ പദ്ധതികളിലും കേന്ദ്രവിഹിതം, സംസ്ഥാന വിഹിതം എന്നിവ എത്രയാണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly